പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 272 — 26.09.2011-ൽ മറുപടിയ്ക്ക്

## ചെക്ക് പോസ്റ്റുകളിൽ കർശന നിരീക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ | | ശ്രീ.കെ.എം.മാണി<br>( ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന നിരീക്ഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ സി.സി.ടി.വി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ അമരവിള ചെക്ക്പോസ്റ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംസ്ഥാനത്തെ മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ കർശന നിരീക്ഷണം നടത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെല്ലാം സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യപടിയായി അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തിലേക്ക് കടന്നു വരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message sms ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം അതിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നു. |

(..............2)

| | |
| --- | --- |
| (സി) കർശന നിരീക്ഷണം നടത്താത്തതുമൂലം സർക്കാരിന് ലഭിക്കേണ്ട നികുതിയുടെ ചോർച്ചയെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ ;<br>(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (സി)& (ഡി)<br><br>ചെക്ക്പോസ്റ്റുകളിൽ കർശന നിരീക്ഷണം നടത്താത്തതുമൂലം നികുതി ചോർച്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ